©
കേരള സർക്കാർ
Government of Kerala
2019

Regn. No. KERBIL/2012/45073
dated 5-9-2012 with RNI

Reg. No. KL/TV(N)/634/2018-20

# കേരള ഗസറ്റ്
# KERALA GAZETTE

**ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്**
**PUBLISHED BY AUTHORITY**

| | | | | |
|---|---|---|---|---|
| വാല്യം 8<br>Vol. VIII | തിരുവനന്തപുരം, ചൊവ്വ<br>Thiruvananthapuram, Tuesday | 2019 ഫെബ്രുവരി 26<br>26th February 2019<br>1194 കുംഭം 14<br>14th Kumbham 1194<br>1940 ഫാൽഗുനം 7<br>7th Phalguna 1940 | നമ്പർ<br>No. | 9 |

## PART III

## Notifications by Heads of Departments

# Agriculture Development and Farmers' Welfare Department

വിജ്ഞാപനം

നമ്പർ എസ്. ഇ. (2) 40790/2018. 2019 ഫെബ്രുവരി 21.

ചുവടെ പറയുന്ന 26 അസിസ്റ്റന്റ് കൃഷി ഓഫീസർമാരെ 2019 വർഷത്തെ കൃഷി ഫീൽഡ് ഓഫീസർ തസ്തികയിലേക്ക് പ്രൊമോഷൻ നൽകുന്നതിന് 20-12-2018-ൽ കൂടിയ വകുപ്പുതല പ്രൊമോഷൻ കമ്മിറ്റി (ലോവർ) സെലക്ട് ചെയ്തിരുന്നു. ആയതിന് സ. ഉ. (സാധാ) നമ്പർ 128/2019/എഡി തീയതി 6-2-2019 പ്രകാരം സർക്കാർ അംഗീകാരവും ലഭിച്ചിട്ടുണ്ട്.

**2019 വർഷത്തെ സെലക്ട് ലിസ്റ്റ്**

1. റ്റി. എസ്. മിനി
2. വി. ആശ
3. എ. സീനത്ത്
4. റ്റി. കെ. മൂസ
5. ഭുവനചന്ദ്രൻ, വി.
6. രജിമോൻ, എം.
7. എം. വി. കുഞ്ഞിമുഹമ്മദ്
8. പി. വി. കലാധരൻ
9. വി. എൽ. പ്രഭ
10. കെ. പി. സോണിയ
11. എം. പി. ശ്രീജ
12. തോംസൺ പി. ജോഷ്വാ
13. രാജൻ, കെ.
14. ഡാൾട്ടൺ, വി. എ.
15. പ്രകാശൻ കൂലപ്പൻ
16. ജേക്കബ്ബ് കെ. മത്തായി
17. പോൾ സ്റ്റീഫൻ
18. മണികണ്ഠൻ, പി.
19. ബാബു, എം. പി.

20. സജി, റ്റി.
21. സതി, പി. ഐ.
22. അരുൺകുമാർ, ജി.
23. ജയദാസ്, സി. വി.
24. അലക്സിസ്, വി.
25. പി. രാമകൃഷ്ണ
26. ശ്രീകുമാർ, റ്റി. വി.

കാർഷിക വികസന
കർഷകക്ഷേമ വകുപ്പ് ഡോ. പി. കെ. ജയശ്രീ ഐ.എ.എസ്.
ഡയറക്ടറുടെ കാര്യാലയം, കൃഷി ഡയറക്ടർ & കൺവീനർ,
തിരുവനന്തപുരം. ഡി പി സി (ലോവർ).

---

## ലേലം/ദർഘാസ് പരസ്യം

നമ്പർ ബി-153/2019. 2019 ഫെബ്രുവരി 10.

അഞ്ചൽ ജില്ലാ കൃഷി ഫാമിലെ 66 തൊഴിലാളികൾക്ക് 2 ജോഡി യൂണിഫോം താഴെ പറയുന്ന നിബന്ധനകൾക്ക് വിധേയമായി തയ്ച്ച് നൽകുന്നതിനായി ദർഘാസുകൾ ക്ഷണിച്ചുകൊള്ളുന്നു.

നിരതദ്രവ്യം—` 5,000

ടെണ്ടർ ഫോറത്തിന്റെ വില—` 800 +ജി.എസ്.റ്റി. (നികുതി)

ടെണ്ടർ സമർപ്പിക്കുന്നതിനുള്ള സമയപരിധി—8-3-2019 ഉച്ചയ്ക്ക് 12.30 മണിവരെ.

ടെണ്ടർ തുറക്കുന്ന തീയതിയും സമയവും—8-3-2019 പകൽ 3 മണി.

1. 39 പുരുഷൻമാർക്ക് കടും നീല പാന്റും, ഇളം നീല ഹാഫ് കൈ ഷർട്ടും ക്യാൻവാസ് തൊപ്പി ചാരകളർ (ഇളം നീല നിറത്തിൽ വൃത്താകൃതിയിൽ ഉള്ളവ ഇലാസ്റ്റിക് ബാൻഡ് ഉൾപ്പെടെ)
2. 27 സ്ത്രീ തൊഴിലാളികൾക്ക് ഓവർ കോട്ട് അളവെടുത്ത് തയ്ക്കണം. തൊപ്പി 27 എണ്ണം (ഇളം നീല കളർ)
3. ഷർട്ട്/ ഓവർ കോട്ട് ഇവയുടെ ഇടത്ത് നെഞ്ച് ഭാഗത്ത് ജില്ലാ കൃഷി ഫാം അഞ്ചൽ എന്ന് വൃത്താകൃതിയിൽ 10 സെൻറീമീറ്റർ വ്യാസത്തിൽ മജന്ത നിറമുള്ള അക്ഷരത്തിൽ എംബ്രോയിഡറി ചെയ്തിരിക്കണം.

### നിബന്ധനകൾ

1. ടെണ്ടറിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ 66 പേർക്കും 2 യൂണിഫോം 2 വീതം തൊപ്പി എന്നിവ നൽകുന്നതിനുള്ള ആകെ തുക രേഖപ്പെടുത്തിയ ടെണ്ടർ നിരതദ്രവ്യത്തോടൊപ്പം ` 200-ന്റെ മുദ്രപ്പത്രത്തിൽ എഗ്രിമെന്റോടു കൂടി സീൽ ചെയ്ത് നിശ്ചിത സമയത്തിനുമുൻപായി ഫാം സൂപ്രണ്ടിന് സമർപ്പിക്കേണ്ടതാണ്.
2. ടെണ്ടറിനോടൊപ്പം സാമ്പിൾ തുണി ഉള്ളടക്കം ചെയ്യേണ്ടതാണ്.
3. ക്വട്ടേഷനുകൾ നിശ്ചിത സമയത്തു തന്നെ അപ്പോൾ ഹാജരുള്ളവരുടെ സാന്നിദ്ധ്യത്തിൽ തുറക്കുന്നതും ആയതിൽ ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ തുക വാഗ്ദാനം ചെയ്ത വ്യക്തി/സ്ഥാപനത്തിന്റെ പേരിൽ ക്വട്ടേഷൻ താൽക്കാലികമായി സ്ഥിരപ്പെടുത്തുന്നതുമാണ്.
4. ഒരു ജോഡി യൂണിഫോം സ്ത്രീകൾക്കും പുരുഷൻമാർക്കും തൊപ്പി സഹിതം അളവെടുത്ത് തയ്ച്ച് നൽകുന്നതിനുള്ള നിരക്കാണ് രേഖപ്പെടുത്തേണ്ടത്. സ്ത്രീകൾക്കും പുരുഷൻമാർക്കും പ്രത്യേകം നിരക്കാണ് രേഖപ്പെടുത്തേണ്ടത്.
5. ക്വട്ടേഷൻ താൽക്കാലികമായി സ്ഥിരപ്പെടുത്തി കിട്ടിയ ആളിന്റേതൊഴികെ മറ്റുള്ളവരുടെ നിരതദ്രവ്യം അപ്പോൾ തന്നെ മടക്കി നൽകുന്നതാണ്.
6. ഗുണനിലവാര പരിശോധനക്കുള്ള പൂർണ്ണ അധികാരം ഫാം സൂപ്രണ്ടിൽ നിഷിപ്തമാണ്.
7. ക്വട്ടേഷൻ തീയതി പൊതു അവധിയായി പ്രഖ്യാപിക്കുന്ന പക്ഷം തൊട്ടടുത്ത പ്രവൃത്തി ദിവസം നിശ്ചിത സമയത്തു തന്നെ നടത്തുന്നതാണ്.
8. കൂടുതൽ വിവരങ്ങൾ എല്ലാ പ്രവൃത്തി ദിവസങ്ങളിലും ഫാം ഓഫീസിൽ നേരിട്ടും ഫോണിലൂടെയും അറിയാവുന്നതാണ്.

എല്ലാ സർക്കാർ ലേലം/ക്വട്ടേഷനുകൾക്കുമുള്ള നിബന്ധനകൾ ഇതിനും ബാധകമാണ്.

ജില്ലാ കൃഷി ഫാം സൂപ്രണ്ടിന്റെ (ഒപ്പ്)
കാര്യാലയം, അഞ്ചൽ. സൂപ്രണ്ട്.

---